ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.07.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). **വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് എത്തിയ ആദ്യ ചരക്ക് കപ്പലിന് ഇന്ന് ഔദ്യോഗിക സ്വീകരണം. കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളും മുഖ്യമന്ത്രി പിണറായി വിജയനും പങ്കെടുക്കും.**

The first mothersh at Vizhinjam will be accorded a formal reception today. Union minister Sarbananda Sonowal and Chief Minister Pinarayi Vijayan will participate in the ceremony.

2). **മ്യാൻമറിലെ സൈബർ തട്ടിപ്പ് സംഘങ്ങളുടെ തടവിലുള്ള ഇന്ത്യക്കാരെ എത്രയും വേഗം മോചിപ്പിക്കണമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ് ശങ്കർ.**

External Affairs Minister Dr. S Jaishankar has asked for the early release of unlawfully detained Indians by cyber scam gangs in Myanmar.

3). **മുൻ അഗ്നിവീരൻമാർക്ക് കേന്ദ്ര സേനകളിൽ 10 ശതമാനം സംവരണം ഏർപ്പെടുത്തി കേന്ദ്ര ആഭ്യന്തര മന്ത്രാലയം.**

Central forces will implement ten percent reservation for ex-Agniveers, said Union Home Ministry.

4). **രാജ്യത്ത് ആത്മഹത്യകൾ തടയുന്നതിന് ആരോഗ്യ മന്ത്രാലയം കൈക്കൊണ്ട നടപടികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്ര സർക്കാരിന് സുപ്രീം കോടതി നിർദേശം.**

The Supreme Court has asked the Central Government to file a status report mentioning the efforts taken by health ministry to prevent suicides in the country.

5). **കേരളത്തിൽ ഇന്നുമുതൽ വീണ്ടും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രത.**

In Kerala, IMD has forecasted heavy rain in the coming days. Three districts are under yellow alert.

**********************************************************

## PM-ECONOMISTS BUDGET

കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞരുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ആശയ വിനിമയം നടത്തി. ന്യൂഡൽഹിയിൽ നടന്ന യോഗത്തിൽ ധനമന്ത്രി നിർമല സീതാരാമൻ, നിതി അയോഗ് ഉപാധ്യക്ഷൻ സുമൻ ബെറി, സാമ്പത്തിക വിദഗ്ധർ തുടങ്ങിയവർ പങ്കെടുത്തു. ഈ മാസം 22 നാണ് പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ആരംഭിക്കുക. 23- ന് ധനമന്ത്രി നിർമ്മലാ സീതാരാമൻ ബജറ്റ് അവതരിപ്പിക്കും. കേന്ദ്ര സർക്കാരിന്റെ ദൂരവ്യാപക നയങ്ങളുടെയും ഭാവി കാഴ്ചപ്പാടുകളുടെയും ഫലപ്രദമായ രേഖയായിരിക്കും ബജറ്റെന്ന് പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു വ്യക്തമാക്കിയിരുന്നു.

****************************************************************

## VIZHINJAM

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് എത്തിയ ആദ്യ ചരക്ക് കപ്പലിന് ഇന്ന് ഔദ്യോഗിക സ്വീകരണം നൽകും. കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളിൻറേയും മുഖ്യമന്ത്രി പിണറായി വിജയൻറേയും സാന്നിധ്യത്തിൽ ഇന്ന് ട്രയൽ റണ്ണും നടക്കും. ഇന്നലെ രാവിലെയാണ് സാൻ ഫെർണാണ്ടോ എന്ന മദർ ഷിപ്പ് വിഴിഞ്ഞത്ത് നങ്കൂരമിട്ടത്. ലോകത്തെ രണ്ടാമത്തെ വലിയ കപ്പൽ കമ്പനിയായ മെസ്കിന്റെ, സാൻ ഫെർണാണ്ടോ കപ്പലിൻറെ ബർത്തിംഗ് നടപടികൾ ഇന്നലെ പൂർത്തിയാക്കി. 1930 കണ്ടെയ്നറുകളാണ് വിഴിഞ്ഞത്ത് ഇറക്കുന്നത്. ഈ മാസം രണ്ടിന് ചൈനയിലെ സിയാമെൻ തുറമുഖത്ത് നിന്നും പുറപ്പെട്ട കപ്പൽ, കൊളംബോ വഴിയാണ് വിഴിഞ്ഞത്തെത്തിയത്. അതേസമയം, വിഴിഞ്ഞം തുറമുഖത്തിൻറെ നിർമ്മാണത്തിൽ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പങ്ക് അവഗണിക്കുന്നതിനെതിരെ യു.ഡി.എഫ് ഇന്ന് പ്രകടനം നടത്തും. പരിപാടിയിൽ നിന്ന് ശശി

തരൂർ എം.പി വിട്ടുനിൽക്കും. പ്രതിപക്ഷ നേതാവ് വി.ഡി സതീശന് സ്വീകരണ ചടങ്ങിൽ ക്ഷണം ലഭിച്ചില്ല.

************************************************************

## JAISHANKAR-U THAN SWE MEETING

മ്യാൻമറിലെ സൈബർ തട്ടിപ്പ് സംഘങ്ങളുടെ തടവിലുള്ള ഇന്ത്യക്കാരെ എത്രയും വേഗം മോചിപ്പിക്കണമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ മ്യാൻമർ ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ യു താൻ സ്വെയോട് ആവശ്യപ്പെട്ടു. തായ്‌ലൻഡിലെ ബാങ്കോക്കിൽ നടക്കുന്ന ബിംസ്റ്റെക് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിനിടെ ഇരുവരും കൂടിക്കാഴ്ച നടത്തി. നിരവധി നിർണായക വിഷയങ്ങളിൽ ഇന്ത്യയുടെ ആശങ്കകൾ പങ്കുവയ്ച്ചതായാണ് റിപ്പോർട്ട്. യോഗത്തിനു എത്തിയ എല്ലാ ലോകനേതാക്കളെയും ശ്രീ.എസ്. ജയ്ശങ്കർ സ്വാഗതം ചെയ്തു. ബംഗാൾ ഉൾക്കടലിന് ചുറ്റുമുള്ള രാജ്യങ്ങളുടെ വിവിധ മേഖലകളിൽ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള കൂട്ടായ്മയാണ് ബിംസ്റ്റെക്.

************************************************************

## AGNIVEERS - reservation

മുൻ അഗ്നിവീരൻമാർക്ക് കേന്ദ്ര സേനകളിൽ 10 ശതമാനം സംവരണം ഏർപ്പെടുത്തി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. അതിർത്തി സുരക്ഷാ സേന, CRPF, CISF, SSB തുടങ്ങിയവയുടെ മേധാവികൾ അറിയിച്ചതാണ് ഇക്കാര്യം. വയസ്സിളവിന് പുറമെ, മുൻ അഗ്നിവീരൻമാർക്ക് ശാരീരിക ക്ഷമതാ പരീക്ഷയും ഒഴിവാക്കിയിട്ടുണ്ട്.

************************************************************

## SC-STATUS REPORT

രാജ്യത്ത് ആത്മഹത്യകൾ തടയുന്നതിന് ആരോഗ്യ മന്ത്രാലയം കൈക്കൊണ്ട നടപടികൾ സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്ര സർക്കാരിന് സുപ്രീം കോടതി നിർദേശം. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചിന്റേതാണ് ഉത്തരവ്. സ്വീകരിച്ച നടപടികളുടെ സമഗ്രമായ സത്യവാങ്മൂലം സമർപ്പിക്കുമെന്ന് കേന്ദ്ര സർക്കാരിന് വേണ്ടി ഹാജരായ അഭിഭാഷകൻ കോടതിയെ അറിയിച്ചു. നാലാഴ്ചയ്ക്കകം സത്യവാങ്മൂലം സമർപ്പിക്കാനാണ് നിർദേശം. കുട്ടികൾക്കിടയിൽ ആത്മഹത്യ വർദ്ധിക്കുന്ന സാഹചര്യം ഏറെ ഗൗരവമേറിയ വിഷയമാണെന്ന് നിരീക്ഷിച്ച കോടതി ഇത്തരം സംഭവങ്ങൾ തടയുന്നതിന് ആരോഗ്യമന്ത്രാലയം സ്വീകരിച്ച നടപടികൾ അറിയിക്കാനും നിർദേശിച്ചിട്ടുണ്ട്. ഡൽഹിയിൽ കൗമാരക്കാർക്കിടയിൽ ആത്മഹത്യ വർദ്ധിക്കുന്ന സാഹചര്യം ചൂണ്ടിക്കാട്ടി സമർപ്പിച്ച പൊതു താൽപര്യ ഹർജി പരിഗണിക്കുകയായിരുന്നു പരമോന്നത കോടതി. ഹർജി അടുത്തമാസം 9 ന് വീണ്ടും പരിഗണിക്കും.

************************************************************

## SAARC-ADOLESCENT PREGNANCY

തെക്ക്-കിഴക്കൻ ഏഷ്യൻ മേഖലയിൽ കൗമാരക്കാർക്കിടയിലെ ഗർഭധാരണം സംബന്ധിച്ച പ്രശ്നം പരിഹരിക്കുക എന്ന ലക്ഷ്യവുമായി സാർക്ക് സെക്രട്ടേറിയറ്റ്, ദക്ഷിണേഷ്യൻ യുനിസെഫ് റീജിയണൽ ഓഫീസുമായി സഹകരിച്ച് ചർച്ച സംഘടിപ്പിച്ചു. വിവിധ അന്താരാഷ്ട്ര സംഘടനകളുടെ പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു. കൗമാരക്കാർ അഭിമുഖീകരിക്കുന്ന ആരോഗ്യ വെല്ലുവിളികൾ, ഉയർന്ന മരണനിരക്ക്, രോഗാവസ്ഥ നിരക്ക് തുടങ്ങിയവ ചർച്ചാ വിഷയമായി. ഈ മേഖലയിൽ പ്രതിവർഷം 15 മുതൽ 19 വയസ്സ് വരെ പ്രായമുള്ള ഏകദേശം 6

ദശലക്ഷം കൗമാരപ്രായക്കാരായ പെൺകുട്ടികൾ ഗർഭധാരണ പ്രശ്നങ്ങൾ നേരിടുന്നതിൽ യോഗം ആശങ്ക രേഖപ്പെടുത്തി.

************************************************************

## CBI - NEET

നീറ്റ് ചോദ്യ പേപ്പർ ചോർച്ച കേസിൽ മുഖ്യ ദല്ലാൾ രാകേഷ് രഞ്ജനെ സി ബി ഐ അറസ്റ്റ് ചെയ്തു. റോക്കി എന്നറിയപ്പെടുന്ന ഇയാളെ 10 ദിവസത്തെ സി ബി ഐ കസ്റ്റഡിയിൽ വിട്ടു. രാകേഷിൻറെ അറസ്റ്റോടെ ചോദ്യ പേപ്പർ ചോർച്ചയിൽ കൂടുതൽ വിവരങ്ങൽ പുറത്ത് വരുമെന്നാണ് കരുതുന്നത്. കേസിൽ ഝാർഖണ്ഡിലെ ഹസാരിബാഗിലുള്ള സ്കൂൾ പ്രിൻസിപ്പലും വൈസ് പ്രിൻസിപ്പലും ഉൾപ്പെടെ ഇതുവരെ 12-ലേറെ പേരെ സി ബി ഐ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബിഹാറിൽ രജിസ്റ്റർ ചെയ്ത മൂന്ന് പ്രത്യേക കേസുകൾ ഉൾപ്പെടെ 6 എഫ് ഐ ആറുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

************************************************************

## SC-NEET HEARING

നീറ്റ് - യു.ജി പരീക്ഷാ ക്രമക്കേടുകളുമായി ബന്ധപ്പെട്ട ഹർജികൾ പരിഗണിക്കുന്നത് സുപ്രീംകോടതി ഈ മാസം 18 ലേക്ക് മാറ്റി. കേന്ദ്രസർക്കാരും ദേശീയ പരീക്ഷാ ഏജൻസിയും സമർപ്പിച്ച സത്യവാങ്മൂലങ്ങളിൽ പ്രതികരണം രേഖപ്പെടുത്താൻ കക്ഷികൾക്ക് സാവകാശം നൽകുന്നതിനായാണ് വാദം കേൾക്കുന്നത് മാറ്റി വച്ചത്. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചിന്റേതാണ് തീരുമാനം. പരീക്ഷാ ഫലം സമഗ്രമായി വിശകലനം ചെയ്യാൻ വിദ്യാഭ്യാസ മന്ത്രാലയം മദ്രാസ് ഐ.ഐ.ടി യോട് നിർദ്ദേശിച്ചിട്ടുള്ളതായി കേന്ദ്രം സമർപ്പിച്ച അധിക സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിരുന്നു.

************************************************************

## INDIAN ECONOMY

2047- ഓടെ ഇന്ത്യ അതിശക്തരാഷ്ട്രമായി മാറുമെന്ന് പ്രമുഖ സാമ്പത്തിക നിരീക്ഷകൻ Martin Wolf. ഇംഗ്ലീഷ് ദിനപത്രമായ ഫിനാൻഷ്യൽ ടൈംസിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ജനസംഖ്യയിൽ 4 ഇരട്ടിയെത്തുന്ന ഇന്ത്യയുടെ സാമ്പത്തിക ഉത്പാദനം 2047- ഓടെ യു.എസിന് തുല്യമാകുമെന്നാണ് വിലയിരുത്തൽ. ഇന്ത്യയുടെ GDP നിരക്ക് പ്രതിവർഷം 5 ശതമാനമായി വളരും. IMF വിശേഷിപ്പിക്കുന്നത് പോലെ connector country ആയി മാറുമെന്നും ശ്രീ. Martin Wolf അറിയിച്ചു.

************************************************************

## MALALA DAY - (INTRO)

ഇന്ന് ലോക മലാല ദിനം. ലോകമെമ്പാടുമുള്ള സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും അവകാശങ്ങൾക്കും വേണ്ടി ശബ്ദിച്ച നൊബേൽ സമ്മാന ജേതാവ് മലാല യൂസഫ് സായിയുടെ ജന്മദിനമാണ് മലാല ദിനമായി ആചരിക്കുന്നത്.

**ഒരു റിപ്പോർട്ട്......**

**(VOICE........)**

2013 ജൂലായ് 12 മുതലാണ് ഐക്യരാഷ്ട്ര സംഘടന മലാല ദിനം ആചരിച്ചു വരുന്നത്. പാകിസ്ഥാനി സ്ത്രീകളും കുട്ടികളും അനുഭവിച്ചിരുന്ന അവകാശ നിഷേധങ്ങളെ വാക്കുകളിലൂടെ ലോകത്തിനുമുന്നിലെത്തിച്ചത് മലാലയായിരുന്നു. പാകിസ്ഥാനിലെ സ്വാത് താഴ്വരയിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കിടെ നിരവധി തവണ മലാലയ്ക്ക് നേരെ താലിബാൻ ആക്രമണ ശ്രമം നടത്തിയിരുന്നു. 2012 ഒക്ടോബർ 9-നു നടന്ന ഒരു വധ ശ്രമത്തിൽ മലാലയുടെ തലയ്ക്കും കഴുത്തിനും ഗുരുതരമായ പരിക്കേറ്റു. 2014-

ലാണ് സമാധാനത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ചത് . നോബൽ സമ്മാനം ലഭിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് മലാല. മലാലയും ബ്രിട്ടീഷ് പത്ര പ്രവർത്തക ക്രിസ്റ്റീന ലാംബും ചേർന്നെഴുതിയ ജീവചരിത്ര പുസ്തകം 'ഞാൻ മലാല' ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു.

ന്യൂസ് ഡെസ്ക്, ആകാശവാണി.....

*************************************************************

**SHIVRAJ – PULSES**

രാജ്യത്ത് പയർവർഗ്ഗങ്ങളുടെ കൃഷി വിസ്തൃതി അമ്പത് ശതമാനത്തിലധികം വർധിച്ചതായി കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ . ന്യൂഡൽഹിയിൽ ഖാരിഫ് വിളകളുടെ പുരോഗതി അവലോകനം ചെയ്യാനുള്ള യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പയറുവർഗങ്ങളുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് സർക്കാരിൻറെ പ്രഥമ പരിഗണന എന്നും, ഖാരിഫ്, റാബി വിളകൾക്ക് കൃത്യസമയത്ത് രാസവളങ്ങളുടെ ലഭ്യത ഉറപ്പുവരുത്തണമെന്നും അദ്ദേഹം യോഗത്തിൽ പറഞ്ഞു.

*************************************************************

**കേരള – കോളറ**

തിരുവനന്തപുരത്ത് അഞ്ച് പേർക്ക് കൂടി കോളറ സ്ഥിരീകരിച്ചു. ഇതോടെ നിലവിൽ കോളറ സ്ഥിരീകരിച്ചവരുടെ എണ്ണം ഏഴായി. നെയ്യാറ്റിൻകര സ്പെഷ്യൽ സ്കൂളിൽ നിന്നുള്ളവർക്കാണ് രോഗം സ്ഥിരീകരിച്ചത്.

*************************************************************

**IMD MONSOON**

രാജ്യത്തിൻറെ വടക്കുകിഴക്കൻ പ്രദേശങ്ങളിൽ അടുത്ത രണ്ട് ദിവസങ്ങളിൽ ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

ഗോവ, മഹാരാഷ്ട്ര, കർണാടക എന്നിവിടങ്ങളിലും ഇന്ന് മുതൽ ഞായറാഴ്ചവരെ സമാന കാലാവസ്ഥയായിരിക്കും. കേരളത്തിൽ ഇന്നുമുതൽ വീണ്ടും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

************************************************************

**WIMBLEDON TENNIS**

വിംബിൾഡൺ ടെന്നീസിൽ പുരുഷ സിംഗിൾസ് സെമി ഫൈനൽ മത്സരങ്ങൾ ഇന്ന് തുടക്കം. ആദ്യസെമിയിൽ റഷ്യയുടെ ഡാനിൽ മെദ്വദേവ് സ്പെയിനിൻറെ കാർലോസ് അൽകാരാസിനെ നേരിടും. രണ്ടാം സെമിയിൽ ഇറ്റാലിയൻ താരം ലോറെൻസോ മുസെറ്റി, സെർബിയൻ താരം നോവാക് ജോക്കോവിച്ചുമായി എറ്റുമുട്ടും. ഈ മാസം 14-നാണ് ഫൈനൽ മത്സരം.

************************************************************

**CRICKET-INDIA-SRI LANKA**

ശ്രീലങ്കൻ പര്യടനത്തിനായി ഇന്ത്യൻ പുരുഷ ക്രിക്കറ്റ് സംഘം ഈ മാസം 22-ന് ശ്രീലങ്കയിലെത്തും. മൂന്ന് ടി - 20 മത്സരങ്ങളും മൂന്ന് ഏകദിന മത്സരങ്ങളും ഉൾപ്പെടുന്നതാണ് പരമ്പര.

************************************************************

**VP-MAHARASHTRA**

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറിൻറെ മഹാരാഷ്ട്ര സന്ദർശനം തുടരുന്നു. മുംബൈ NMIMS -ലെ വിദ്യാർത്ഥികളെ ഉപരാഷ്ട്രപതി ഇന്ന് അഭിസംബോധന ചെയ്യും. Viksit Bharat 2047- ഇന്ത്യയെ ശാക്തീകരിക്കുന്നതിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ അദ്ദേഹം മുഖ്യ പ്രഭാഷണം നടത്തും.

************************************************************

## NATO SUMMIT

യുക്രൈനെതിരായ റഷ്യയുടെ യുദ്ധത്തിന് വഴിവച്ച പ്രധാന ശക്തി ചൈനയാണെന്ന് നാറ്റോ. ആഗോള സുരക്ഷയ്ക്ക് വലിയ പ്രതിസന്ധിയാണ് ചൈന സൃഷ്ടിക്കുന്നതെന്നും നാറ്റോ അംഗങ്ങൾ ആരോപിച്ചു. അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡന്റെ നേതൃത്വത്തിൽ നടന്ന നാറ്റോ ഉച്ചകോടിയിലാണ് വിലയിരുത്തൽ. ചൈനയുടെ കയറ്റുമതിയിൽ വിലക്ക് ഏർപ്പെടുത്തിയിട്ടും ചൈനീസ് സെമികണ്ടക്ടറുകളും യന്ത്രസാമഗ്രികളും റഷ്യൻ പ്രതിരോധ ഉത്പന്ന വ്യവസായത്തിൽ പ്രധാന പങ്ക് വഹിച്ചെന്ന് നാറ്റോ ചൂണ്ടിക്കാട്ടി. യുക്രൈൻ എതിരായ ആക്രമണത്തിൽ റഷ്യക്ക് കരുത്ത് നൽകിയത് ഈ ആയുധങ്ങൾ ആണെന്ന് വിലയിരുത്തിയ നാറ്റോ അംഗങ്ങൾ  സംഭവത്തെ ശക്തമായി അപലപിച്ചു.

***********

**************************************

****************************************************